## (18.) എലിമുള്ളുംപ്ലാക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പത്തനംതിട്ട ജില്ലയിൽ വനപ്രദേശത്തോടു ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രകൃതി സുന്ദരമായ പ്രദേശമാണ് എലിമുള്ളുംപ്ലാക്കൽ. മണ്ണിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് കുടിയേറി പാർത്ത കുടുംബങ്ങളാണ് ഈ പ്രദേശത്തുള്ളത്. ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കൂടി നടക്കാൻ ഒരു ദൈവാലയം ഉണ്ടാകണം എന്ന ആഗ്രഹത്തിന്റെ ഫലമായി ഇവിടെ സ്ഥിര താമസക്കാരായ ജോർജ്ജ് നിരവിൽ, ലൂക്കോസ് അമ്പാരേത്ത്, ഡാനിയേൽ അയ്യനേത്ത് എന്നിവർ ചേർന്ന് എലിമുള്ളുംപ്ലാക്കൽ മലങ്കര കത്തോലിക്കാ ദൈവാലയത്തിനുവേണ്ടി അന്നത്തെ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ കാണുകയും 20 വീടുകൾ ഉള്ളപ്പോൾ ദൈവാലയം അനുവദിക്കാം എന്ന് ഉറപ്പ് നല്കുകയും അതുവരെ മണ്ണീറ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ കൂടി നടക്കാൻ അനുവദിക്കുകയും ചെയ്തു. അങ്ങനെ 9 വീട്ടുകാർ മണ്ണീറ ഇടവകയിൽ ചേരുകയും ഞായറാഴ്ചകളിൽ പ്രാർത്ഥനായോഗം കൂടുകയും ചെയ്തു. മണ്ണീറയിൽ പോയി വി.കുർബാനയിൽ സംബന്ധിക്കുകയും ചെയ്യുമായിരുന്നു. 1969-70 പുതിയ ദൈവാലയത്തിന് അനുവാദം കിട്ടുന്നതിനായി അഭിവന്ദ്യ പിതാവിനെ പുതിയ 22 പേരുടെ ലിസ്റ്റോടു കൂടി പോയി കാണുകയും പിതാവ് അനു വാദം തരുകയും ചെയ്തു. പുതിയ വികാരിയായി ഗീവർഗീസ് മണ്ണിൽകരോട് അച്ചനെ ചുമതലപ്പെടുത്തി. 1971-ൽ 125/- രൂപ നിരക്കിൽ ഭൂമി വാങ്ങുകയും കാട്ടിൽ നിന്ന് മുള വെട്ടി കൊണ്ടു വന്ന് ചാപ്പൽ ഉണ്ടാക്കുകയും ചെയ്തു. ഇതിനെതിരെ പലതരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിട്ടും ദൈവം വഴി നടത്തുകയും ചെയ്തു. ആ കാലയളവിൽ വി.കുർബാന നടത്തുന്നതിന് എല്ലാ ബലിവസ്തുക്കളും തണ്ണിത്തോട്ടിൽ നിന്ന് എത്തിച്ച് മാസത്തിൽ ഒരിക്കൽ വി.കുർബാന നടത്തി വന്നു.

1976-ൽ പുതിയ ദൈവാലയം പണി കഴിക്കുന്നതിന് ദൈവാലയത്തിന്റെ തറക്കല്ലിടീൽ തിരുവനന്തപുരം വികാര ജനറാൾ ആയിരുന്ന വന്ദ്യ കുരുവിള അച്ചൻ നിർവ്വഹിച്ചു. 1978-ൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശകർമ്മം നിർവ്വഹിച്ചു. തീക്ഷണതയോടും ദൈവപരിപാലനയോടും ദൈവം നടത്തുന്നു. തുടർന്ന് റവ.ഡോ.ആന്റോ കണ്ണംകുളം വികാരിയായിരിക്കുമ്പോൾ 2001-ൽ മദ്ബഹ പുതുക്കി പണിയുകയും തിരുവനന്തപുരം അതിഭ്രാസന സഹായമെതാപ്പോലീത്താ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസുകൊണ്ട് കൂദാശ നിർവഹിച്ചു. ഒരുപാടു നാളത്തെ പ്രാർത്ഥനയുടെയും ആഗ്രഹത്തിന്റെയും പരിണിതഫലമായി 2004 മെയ് 23-ാം തീയതി ദൈവാലയത്തിന്റെ പ്രഥമ കുരിശടി കൂദാശ സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ നിർവ്വഹിച്ചു. അനവധി വൈദികരുടെയും സന്യസ്തരുടെയും സാന്നിധ്യം കൊണ്ടും നാനാജാതി മതസ്ഥരുടെ പങ്കാളിത്വം കൊണ്ടും അനുഗ്രഹീതപ്രദമായിരുന്നു. നാടിന്റെ അനുഗ്രഹ തിലകക്കുറിയായി കുരിശ്ശൂടി പ്രകാശിക്കുന്നു. 2008-ൽ ഡോ.തോമസ് കയ്യാലയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ ദൈവാലയത്തിൽ മണി മേട സ്ഥാപിച്ചു. തുടർന്ന് സ്ഥാന മേൽക്കുന്ന ഫാ.ഗീവർഗ്ഗീസ് (ജിനോയ്) പുതുപ്പറമ്പിലിന്റെ നേതൃത്വത്തിൽ ദൈവാലയത്തിന്റെ ഓട് മാറ്റി. ഷീറ്റ് ഇടുകയും ദൈവാലയം മുഴുവനായി സീലിംഗ് ചെയ്ത് അഭിവന്ദ്യ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്യുകയും ചെയ്തു. ദേശത്തിന്റെയും ഇടവകയുടെയും തിലകകുറിയായി ദൈവാലയം മാറി വരുന്നു. ഭക്ത സംഘടനകളും പ്രാർത്ഥനാ കൂട്ടായ്മയും സജീവമായി നിലകൊള്ളുന്നു. എല്ലാ വർഷവും ഇടവക മദ്ധ്യസ്ഥൻ വി.തോമാശ്ലീഹായുടെ നാമധേയത്തിൽ തിരുനാൾ ആഘോഷവും, എട്ടുനോമ്പാചരണവും, ഹാശായാഴ്ച ശുശ്രൂഷകളും നടന്നു വരുന്നു.

ഇടവകയുടെ പുരോഗതിയ്ക്കുവേണ്ടി അഹോരാത്രം പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത് മൺമറഞ്ഞുപോയ പൂർവ്വ പിതാക്കന്മാർ, സഭാപിതാക്കന്മാർ, ബഹുമാനപ്പെട്ട വൈദീകർ എന്നിവരെ സ്മരണയോടെ ഓർക്കുന്നു. 2008 വരെയുള്ള കാലഘട്ടങ്ങളിൽ ശുശ്രൂഷ ചെയ്ത് ഡി.എം.സിസ്റ്റേഴ്സിനോടു ഹൃദ്യമായ നന്ദി അറിയിക്കുന്നു. ഇത്രത്തോളം അനുഗ്രഹങ്ങൾ നൽകി വളർത്തുന്ന പരമ കാരുണ്യവാനായ ദൈവത്തിനും ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായ ഭാരതത്തിന്റെ അപ്പോസ്തലോനുമായ

വി.തോമാശ്ലീഹായുടെയും ദൈവമാതാവിന്റെയും മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് ഈ സംക്ഷിപ്ത ചരിത്രം സമർപ്പിക്കുന്നു.

**ഇടവകയിൽ സേവനം ചെയ്ത ഇടയന്മാർ**

| | | |
|---|---|---|
| 1. ഫാ. ഗീവറുഗീസ് മണ്ണുകരോട്ട് | - | 1971 - 1973 |
| 2. ഫാ. ജോഷ്വാ പീടികയിൽ | - | 1973 - 1977 |
| 3. ഫാ. ജോൺ കുറ്റിയിൽ | - | 1977 - 1984 |
| 4. ഫാ. ജോൺ പ്ലാവിള | - | 1984 - 1988 |
| 5. ഫാ. ഏബ്രഹാം ചേന്തിയത്ത് | - | 1988 - 1991 |
| 6. ഫാ. ഗീവർഗീസ് തടത്തിൽ | - | 1991 - 1994 |
| 7. ഫാ. മാത്യു പുതുപ്പറമ്പിൽ | - | 1994 - 1995 |
| 8. ഫാ. തോമസ് കിഴക്കേക്കര | - | 1995 - 1997 |
| 9. ഫാ. മാത്യു ആന്റോ കണ്ണംകുളം | - | 1997 - 2001 |
| 10. ഫാ. ജോൺസൺ പുതുവേലിൽ | - | 2001 - 2002 |
| 11. ഫാ. റോബർട്ട് എണ്ണവിള | - | 2002 - 2006 |
| 12. ഫാ. ജോസ് വെൺമാലോട്ട് | - | 2006 - 2008 |
| 13. ഫാ. തോമസ് കയ്യാലയ്ക്കൽ | - | 2008 - 2010 |
| 14. ഫാ. ഗീവർഗീസ് പുതുപ്പറമ്പിൽ | - | 2010 - 2013 |
| 15. ഫാ. മാത്യു പുതുപ്പറമ്പിൽ | - | 2013 - 2015 |
| 16. ഫാ. മാർട്ടിൻ ജോസഫ് | - | 2015 - 2018 |
| 17. ഫാ. ഗീവർഗ്ഗീസ് പുതുപ്പറമ്പിൽ | - | 2018 - 2019 |
| 18. ഫാ. എബ്രഹം മേപ്പുറത്ത് | - | 2019 |